ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ.**DTETVM/6201/2024-SBTE1 (PLA)** തീയതി: **28-03-2025**

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - പ്ലാനിംഗ് സെക്ഷൻ - എസ് ബി ടി ഇ - **29.10.2024** ലെ എസ്ബിടിഇ യുടെ മീറ്റിംഗിലെ തീരുമാനപ്രകാരം പ്ലേസ്മെൻറ് സെല്ല് വഴി പ്ലേസ്മെൻറിൽ പങ്കെടുക്കുന്ന വിദ്യാർഥികളിൽ നിന്നും രജിസ്ട്രഷേൻ ഫീസ് ശേഖരിക്കുന്നത് - സംബന്ധിച്ച്

സൂചന :- **29.10.2024** ലെ എസ്ബിടിഇ യുടെ ബോർഡ് മീറ്റിംഗ് ഇന്റെ മിനിട്ട്സ്.

എസ്ബിടിഇ യുടെ **29.10.2024** ലെ ബോർഡ് മീറ്റിംഗ് ഇന്റെ അജണ്ട നം **01/24/14**ലെ തീരുമാനപ്രകാരം പ്ലേസ്മെൻറ് സെൽ ഇന്റെ പ്ലേസ്മെൻറ് ആക്ടിവിറ്റീസിൽ പങ്കെടുക്കുന്ന ഓരോ വിദ്യാർഥിയിൽ നിന്നും **250/-** രൂപ വീതം ശേഖരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ഇതിൻപ്രകാരം എല്ലാ ഗവ / എയിഡെഡ് പോളിടെക്നിക് സ്ഥാപനങ്ങളിലെയും പ്ലേസ്മെൻറ് സെല്ലിൽ **2025-26** അക്കാദമിക വർഷം മുതൽ പ്ലേസ്മെൻറിനായി രജിസ്റ്റർ ചെയ്യുന്ന എല്ലാ വിദ്യാർഥികളിൽ നിന്നും രജിസ്ട്രഷേൻ ഫീസ് ഇനത്തിൽ **250/-** രൂപാ വീതം ശേഖരികേണ്ടതാണ്. ഇതിനായി ഒരു പ്രത്യേക അക്കൌണ്ട് തുറന്ന് പ്രസ്തുത തുക അതിൽ നിക്ഷേപിക്കുന്നതിനും പ്ലേസ്മെൻഡുമായി ബന്ധപ്പെട്ട കാര്യങ്ങള്ക്ക് മാത്രം ഈ തുക വിനിയോഗിക്കുന്നതിനും നിർദ്ദേശം നല്കുന്നു.

SHALIJ P R
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ ഗവ / എയിഡെഡ് പോളിടെക്നിക് സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും **(www.dtekerala.gov.in** എന്ന വെബ്സൈറ്റ് മുഖാന്തിരം**).**
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 28-03-2025 00:11:22